ടെലഫോൺ:2721278

എൻ.സി.സി ഡയറക്ടറേറ്റ്
(കേരളവും ലക്ഷദ്വീപും)
സംസ്ഥാന വിഭാഗം
തിരുവനന്തപുരം

നമ്പർ : 128/ബി3-എസ്റ്റാ/2021/എൻ.സി.സി

03 മാർച്ച് 2021

പ്രേക്ഷിതൻ

അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

സ്വീകർത്താവ്

ഗ്രൂപ്പ് കമാണ്ടർ
എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്
കോട്ടയം, എറണാകുളം

സർ,

വിഷയം : പ്രിസം (PRISM) സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി പെൻഷൻ അപേക്ഷകൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന : 1. 10.12.2020 തീയതിയിലെ 120/ബി3-എസ്റ്റാ/എൻ.സി.സി/2020 നമ്പർ സർക്കുലർ കത്ത്.
2. 26.02.2021 തീയതിയിലെ 128/ബി3-എസ്റ്റാ/എൻ.സി.സി/2020 നമ്പർ സർക്കുലർ കത്ത്.

1. മേൽ സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സ്പാർക്കിൽ നിന്നും ഓരോ വർഷവും ജനുവരി ഒന്നാം തീയതിയും ജൂലൈ ഒന്നാം തീയതിയും, ആ തീയതി മുതൽ 18 മാസങ്ങൾക്കുള്ളിൽ വിരമിക്കുന്ന ജീവനക്കാരന്റെ ലിസ്റ്റ് തയ്യാറാക്കി മേൽ സൂചിപ്പിച്ചിട്ടുള്ള മാസങ്ങളിലെ 5-ാം തീയതിക്കുള്ളിൽ ഈ കാര്യാലയത്തിലെ പെൻഷൻ സെക്ഷനിൽ രേഖാമൂലം അറിയിക്കണമെന്ന് സൂചന 1-ലെ ഖണ്ഡിക 3 പ്രകാരം അറിയിച്ചിരുന്നു. എന്നാൽ നാളിതുവരെ ടി വിവരങ്ങൾ ഈ കാര്യാലയത്തിൽ ലഭിച്ചിട്ടില്ല. ആയതിനാൽ ടി വിഷയ സംബന്ധമായ വിവരങ്ങൾ 10 മാർച്ച് 2021നു മുമ്പായി ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

..2

2. ഈ വർഷം മെയ് 31 വരെ വിരമിക്കുന്ന ജീവനക്കാർ പ്രിസം വഴി രേഖകൾ സമർപ്പിച്ച് സൂചന കത്ത് 2 പ്രകാരം മുഴുവൻ രേഖകളും ഈ മാസം 15നു മുമ്പായി ഈ ആഫീസിൽ തുടർ നടപടികൾക്കായി സമർപ്പിക്കേണ്ടതാണ്.

3. മേൽ സൂചിപ്പിച്ചിരിക്കുന്ന വിഷയങ്ങൾ പരിശോധിച്ച് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണെന്ന് അറിയിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ,

(അശോക് കുമാർ)
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
അഡീഷണൽ ഡയറക്ടർ ജനറൽ
എൻ.സി.സിക്കു വേണ്ടി

പകർപ്പ് :-

എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ് തിരുവനന്തപുരം/കൊല്ലം/കോഴിക്കോട് - ഖണ്ഡിക 2 പ്രകാരം തുടർനടപടികൾക്കായി

എല്ലാ എൻ.സി.സി ആഫീസുകൾക്കും - അറിവിലേക്കും തുടർ നടപടികൾക്കുമായി.